**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **857**

**10.02.2016** ൽ മറുപടിക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജി. സുധാകരൻ** | | **ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)** |

എ) കുട്ടനാട് പാക്കേജിന് എന്നാണ് അനുമതി ലഭിച്ചത്; ഈ പദ്ധതിയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയായിരുന്നു; കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുക ലഭിച്ചു; സംസ്ഥാന വിഹിതമായി എന്തു തുക ലഭിച്ചു; നാളിതുവരെ എന്തു തുക ചെലവഴിച്ചു;

എ) കുട്ടനാട് പാക്കേജിന് 2008 ൽ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നല്കി. 75% കേന്ദ്ര വിഹിതവും 25% സംസ്ഥാനവിഹിതവുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇത്. നാളിതുവരെ ഈ പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും അതിന്റെ ചിലവു കണക്കുകളും ചുവടെ ചേർക്കുന്നു.

| | ലഭിച്ചത് ലക്ഷത്തിൽ | | ചെലവ് ലക്ഷത്തിൽ | |
|---|---|---|---|---|
| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
| 2010-11 | 2242.5 | 747.50 | 549.97 | 183.32 |
| 2011-12 | ലഭിച്ചില്ല | 197.55 | 1617.9 | 736.85 |
| 2012-13 | 4125 | 4174.02 | 208.71 | 1294.51 |
| 2013-14 | ലഭിച്ചില്ല | 2513.74 | 1878.35 | 4650.68 |
| 2014-15 | 5522.06 | 5622.34 | 1722.38 | 5381.25 |
| 2015-16 | ലഭിച്ചില്ല | 11995.32 | 0 | 11995.32 |

ബി) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള സമയപരിധി എന്നുവരെയായിരുന്നു; സമയ പരിധി നീട്ടി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

ബി)

| പദ്ധതി | പൂർത്തികരിക്കുന്നതിനുള്ള കാലാവധി | നീട്ടികിട്ടിയ തീയതി |
|---|---|---|
| കെ.ഇ.എൽ-1 | 31.03.2012 | 31.03.2015 |
| കെ.ഇ.എൽ-2 | 31.03.2012 | 31.03.2015 |
| കെ.ഇ.എൽ-3 | 31.03.2012 | 31.12.2016 |
| കെ.ഇ.എൽ-4 | 31.03.2012 | 31.12.2016 |

| | | | |
|---|---|---|---|
| സി | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | സി | ഇല്ല. നീട്ടികിട്ടിയ സമയപരിധിയ്ക്കുള്ളിൽ ചില പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. കാലതാമസത്തിനുള്ള കാരണങ്ങൾ അനുബന്ധം । ആയി ചേർത്തിരിക്കുന്നു. |
| ഡി | കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്ന പദ്ധതികൾ ഏവ; എന്ത് തുകയുടെ പദ്ധതിയാണ് ജലവിഭവ വകുപ്പ് ഏറ്റെടുത്ത് തയ്യാറാക്കിയിട്ടുള്ളത്; അതിൽ ലഭ്യമായ തുക എത്ര; ചെലവഴിച്ച തുക എത്ര വിശദമാക്കാമോ; | ഡി | വിവരം ശേഖരിച്ചു വരുന്നു |
| ഇ | പാക്കേജിൻ പ്രകാരമുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ്; വിശദമാക്കാമോ; | ഇ | ഇല്ല |
| എഫ് | കായൽ പാടശേഖരങ്ങളിൽ സ്ഥാപിച്ച പൈൽ ആന്റ് സ്ലാബ് സംവിധാനം തകർന്നടിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൈൽ ആന്റ് സ്ലാബ് സ്ഥാപിക്കുന്നതിലെ അശാസ്ത്രീയതയും അഴിമതിയും വളരെ മുമ്പുതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടും സർക്കാർ നടപടി സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ അനാസ്ഥയേയും അഴിമതിയേയും കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; | എഫ് | കായൽ പാടശേഖരങ്ങളിൽ സ്ഥാപിച്ച പൈൽ ആന്റ് സ്ലാബ് സംവിധാനം ചരിയുകയും വിള്ളലുകൾ വീഴുകയും സി.ഡി ബ്ലോക്കിൽ മടവീഴ്ച ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ധനകാര്യ പരിശോധനാവിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടാതെ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കാൻ ഇറിഗേഷൻ വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ജി | കരാറുകാർക്ക് ബിൽ തയ്യാറാക്കി കമ്മീഷൻ പറ്റുന്ന രീതിയാണ് ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ നടത്തി വരുന്നതെന്ന ആക്ഷേപം പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**നടപടിക്രമങ്ങളുടെ കാല താമസം**

വിശദമായ പദ്ധതിരേഖ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചതിനുശേഷം കെ.ഇ.എൽ-3, ഓണാട്ടുകര എന്നീ പദ്ധതികൾ കേന്ദ്രജലവിഭവ വകുപ്പിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു കാലതാമസം നേരിട്ടതുമൂലം പാടശേഖരങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്ഷണിച്ചതുമൂലവും കരാറുകാർ ഏറ്റെടുക്കുവാൻ വിസമ്മതിച്ചതിനാലും പദ്ധതി നടത്തിപ്പിന് കാലതാമസ്സം ഉണ്ടായി. ടി പ്രവൃത്തികൾ വീണ്ടും ടെൻഡർ ചെയ്യുന്ന അവസരത്തിൽ പൊതുമരാമത്ത് നിരക്കുകൾ പുനർ നിർണ്ണയിച്ചതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടതായും വന്നിട്ടുണ്ട്.

കെ.ഇ.എൽ-3 ,ഓണാട്ടുകര, കുട്ടനാട് താലൂക്ക് എന്നീ പദ്ധതികളുടെ പാടശേഖരങ്ങളുടെ ആദ്യ ദർഘാസിന് കരാറുകാരിൽ നിന്നും പ്രതികരണം ലഭിക്കാത്തതിനാൽ വീണ്ടും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാനുള്ള കാലതാമസം നേരിട്ടു.

കെ.ഇ.എൽ-2, തണ്ണീർമുക്കം എന്നീ പദ്ധതികൾക്ക് കരാറുകാർ തമ്മിലുള്ള തർക്കം കോടതി വ്യവഹാരത്തിലേയ്ക്ക് നയിച്ചതിനാൽ കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടു.

**കരാറിലേർപ്പെടുന്നതിന് ശേഷമുള്ള കാലതാമസം.**

1. സമുദ്രനിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം നിർമ്മാണ പ്രവൃത്തികൾ സാദ്ധ്യമാകാത്തതിനാൽ പ്രവൃത്തികൾ വൈകുന്നു. കൂടാതെ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ കൃഷിയേയും അനുബന്ധ പ്രവൃത്തികളേയും ബാധിക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുന്നു. പ്രത്യേകിച്ച് മോട്ടോർത്തറകളുടേയും മോട്ടോർപുരകളുടേയും നിർമ്മാണം കൃഷി നടക്കുമ്പോഴും കൃഷി ഒരുക്കുവാൻ വേണ്ടി വെള്ളം വറ്റിക്കുന്ന സമയത്തും നടത്തുവാൻ സാധിക്കാറില്ല. ആയതിനാൽ ഒരു വർഷത്തിൽ ഏകദേശം മൂന്ന് മാസം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി ലഭിക്കാറുള്ളു.
2. പാടശേഖരങ്ങളിലേയ്ക്കുള്ള സാധനസാമഗ്രികളുടെ നീക്കം ഇടുങ്ങിയതും പോള നിറഞ്ഞതുമായ തോടുകളിലൂടെ ആയതിനാലും നിർമ്മാണം മന്ദഗതിയിലാകുന്നു.
3. നിർമ്മാണ പ്രവൃത്തികൾ വീതി കുറഞ്ഞ പുറം ബണ്ടുകളിലായതിനാൽ സാധനസാമഗ്രികൾ ( പ്രത്യേകിച്ച് കരിങ്കല്ല്) വ്യാപകമായ സംഭരിക്കുവാനുള്ള കടവുകളുടെ അഭാവം നിർമ്മാണത്തെ ബാധിക്കുന്നു.
4. സാധനസാമഗ്രികൾ പണിസ്ഥലത്ത് സംഭരിക്കുവാനുള്ള സ്ഥല പരിമിതിയും കർഷകരുടേയും തദ്ദേശ വാസികളുടേയും എതിർപ്പും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.
5. മിക്ക പാടശേഖരങ്ങളിലും ചെളി(കട്ട) കൊണ്ട് ബണ്ട് ഉയർത്തുന്ന രീതിക്ക് നിലവിൽ റോഡ് സൗകര്യം ഉള്ളതുകൊണ്ട് തദ്ദേശവാസികളുടെ എതിർപ്പ് നേരിട്ടതിനെത്തുടർന്ന് പണി തടസ്സപ്പെട്ടിട്ടുണ്ട്.
6. വെള്ളത്തിൽ നിന്നുകൊണ്ട് കല്ല് അടുക്കി പണിയുവാൻ വൈഭവമുള്ള തൊഴിലാളികളുടെ ദൗർലഭ്യം
7. പാറമടകളുടെ നിരോധനത്തെ തുടർന്നുള്ള കരിങ്കല്ലിന്റെ ലഭ്യതക്കുറവ്

സെക്ഷൻ ഓഫീസർ